# കേരളീയം പ്രവർത്തകർക്ക് പോലീസ് മർദ്ദനം

തൃശ്ശൂർ : പോസ്റ്റർ പ്രചരണത്തിനിറങ്ങിയ കേരളീയം പ്രവർത്തകർക്ക് പോലീസ് മർദ്ദനം. പോലീസ് ഉദ്യോഗസ്ഥരെ വേണ്ട രീതിയിൽ ബഹുമാനിച്ചില്ല എന്ന് ആരോപിച്ചായിരുന്നു മർദ്ദനം. കേരളീയവും പി. സി. ആർ. എ. യും സംയുക്തമായി സംഘടിപ്പിച്ച പരിസ്ഥിതി ചിത്രരചനാ മത്സരത്തിന്റെ (നിറക്കൂട്ട് 2001) പ്രചരണാർത്ഥം പോസ്റ്റർ ഒട്ടിക്കാനിറങ്ങിയവർക്കാണ് മർദ്ദനം ഏൽക്കേണ്ടിവന്നത്.

ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ, എസ്. പി. ഡി. ഐ. ജി. എന്നിവർക്ക് പരാതി നൽകി. ഔദ്യോഗിക തലത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ഡിസംബർ 21 ന് രാത്രി 12 മണിക്കുശേഷമാണ് കേസിനാസ്പദമായ സംഭവം നടന്നത്. ശക്തൻ തമ്പുരാൻ നഗർ ബസ് സ്റ്റാന്റിൽ പോസ്റ്റർ ഒട്ടിച്ചുകൊണ്ടിരിക്കുമ്പോൾ പട്രോളിങ്ങിന് എത്തിയ കെ. വിനോദ് കുമാർ എന്ന എ. എസ്. ഐ. ആണ് പ്രവർത്തകർക്കു നേരെ ചൂരൽ പ്രയോഗം നടത്തിയത്. പോലീസ് ഉദ്യോഗസ്ഥരെ കണ്ടപ്പോൾ സൈക്കിളിൽ നിന്നും ഇറങ്ങിയില്ല, മുണ്ടിന്റെ മടക്കിക്കുത്തഴിച്ചില്ല, തലയിൽ കെട്ടിയിരുന്ന തുണി അഴിച്ചില്ല തുടങ്ങിയവയായിരുന്നു ആരോപണങ്ങൾ. പോലീസിനെ കണ്ടാൽ മൂത്രമൊഴിക്കുന്ന അവസ്ഥയിലേക്കെത്തിക്കും എന്ന ഭീഷണിയും ഉണ്ടായിരുന്നു.

ഇതേ തുടർന്ന് കേരളീയം മാനേജിംഗ് എഡിറ്റർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ജനവരി 10 നകം റിപ്പോർട്ട് നൽകണമെന്ന് ജില്ലാ കളക്ടർ അഡ്മിനിസ്ട്രേറ്റീവ് ഡി. വൈ. എസ്. പി. ഉണ്ണിരാജന് നിർദ്ദേശം നൽകി.